**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 788** **14-10-2026-ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ജനങ്ങളുടെ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഫാത്തിമ തഹിലിയ ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി/പട്ടികവർഗ്ഗ /പിന്നാക്കവിഭാഗം ജനങ്ങളുടെ വികസനത്തിനായി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

**മറുപടി: പട്ടിക വർഗ്ഗ വികസന വകുപ്പ്**

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികവർഗ്ഗ വിഭാഗത്തിന്റെ വികസനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2026-27 സാമ്പത്തിക വർഷത്തിൽ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കായി സംസ്ഥാന വിഹിതത്തിൽ 64869 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി 8495 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 73364 ലക്ഷം രൂപ വകുപ്പിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് വകയിരുത്തിയിട്ടുണ്ട്. ആയതിൽ നാളിതുവരെ പെർമിറ്റബ്ൾ തുകയായ 31673.66 ലക്ഷം രൂപയിൽ 15095.59 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു.

പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനും അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന വിവിധ ക്ഷേമവികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് വിദ്യാഭ്യാസം, ആരോഗ്യം, ഭവനനിർമ്മാണം, അടിസ്ഥാന സൗകര്യ വികസനം, ഉപജീവനമാർഗ്ഗം, തൊഴിൽ, നൈപുണ്യ വികസനം, സാമൂഹിക സുരക്ഷ തുടങ്ങിയ മേഖലകളിൽ ആവശ്യമായ പിന്തുണ ഉറപ്പാക്കുന്നതിനാണ് വകുപ്പ് മുൻഗണന നൽകി വരുന്നത്.

വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, സ്കോളർഷിപ്പുകൾ, ഹോസ്റ്റൽ സൗകര്യങ്ങൾ, മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ മുഖേനയുള്ള വിദ്യാഭ്യാസ പിന്തുണ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സുരക്ഷിതമായ ഭവനം ഉറപ്പാക്കുക, കുടിവെള്ളം, വൈദ്യുതി, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക, ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, തൊഴിൽപരവും സ്വയംതൊഴിൽ പരവുമായ അവസരങ്ങൾ സൃഷ്ടിക്കുക, പരമ്പരാഗത ഉപജീവനമാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നിവ ലക്ഷ്യമിട്ടും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ അധിവസിക്കുന്ന വിദൂര ആദിവാസി ഊരുകളിലെ പ്രത്യേക വികസന ആവശ്യങ്ങൾ പരിഗണിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അർഹരായ കുടുംബങ്ങൾക്ക് വിവിധ

സർക്കാർ സേവനങ്ങളും ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനും വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തിവരുന്നു. കൂടാതെ, സ്ത്രീകൾ, കുട്ടികൾ, മുതിർന്നവർ, പ്രത്യേക പരിഗണന ആവശ്യമായവർ തുടങ്ങിയ വിഭാഗങ്ങളുടെ ക്ഷേമവും സംരക്ഷണവും ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾക്കും പ്രാധാന്യം നൽകി വരുന്നു.

പദ്ധതികളുടെ നിർവഹണം കാലാനുസൃതമായി വിലയിരുത്തുകയും, ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ, പ്രാദേശിക സാഹചര്യങ്ങൾ, സാമൂഹിക-സാമ്പത്തിക മാറ്റങ്ങൾ, ലഭ്യമായ വിഭവങ്ങൾ, നിലവിലുള്ള സർക്കാർ നയങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പദ്ധതികളിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുകയും ചെയ്യുന്നു. പദ്ധതികളുടെ ആനുകൂല്യങ്ങൾ അർഹരായ ഗുണഭോക്താക്കളിലേക്ക് സമയബന്ധിതമായി എത്തിക്കുന്നതിനും നിർവഹണത്തിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനും ഇ-സർവീസ് പോർട്ടൽ മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പദ്ധതികളുടെ ഫലപ്രാപ്തി വർധിപ്പിക്കുന്നതിനും വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗം ഉറപ്പാക്കുന്നതിനുമായി നിർവഹണ പുരോഗതി നിരീക്ഷിക്കുക, ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ വിലയിരുത്തുക, ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥരിൽ നിന്ന് റിപ്പോർട്ടുകൾ ശേഖരിക്കുക, ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങളും നടത്തി വരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളുമായി ഏകോപനം ഉറപ്പാക്കുന്നതിനും പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് ലഭ്യമായ വികസന ആനുകൂല്യങ്ങൾ പരമാവധി പ്രയോജന പ്പെടുത്തുന്നതിനും വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. ഇപ്രകാരം, പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സമഗ്ര വികസനം ഉറപ്പാക്കുന്നതിനും അവരുടെ ജീവിതനിലവാരത്തിലുള്ള പുരോഗതി കൈവരിക്കുന്നതിനും നിലവിലുള്ള വികസന വിടവുകൾ കുറയ്ക്കുന്നതിനും ലക്ഷ്യമിട്ട് വിവിധ പദ്ധതികൾ തുടർച്ചയായി നടപ്പിലാക്കിവരുന്നു. കാലാനുസൃതമായ ആവശ്യങ്ങളും വികസന മുൻഗണനകളും പരിഗണിച്ച് പദ്ധതികൾ അവലോകനം ചെയ്യുകയും ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുകയും ചെയ്തുകൊണ്ട് അവ കൂടുതൽ ഫലപ്രദവും ഗുണഭോക്തൃ കേന്ദ്രീകൃതവുമാക്കുന്നതിനുള്ള നടപടികളും പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ചുവരുന്നു.

100ദിന കർമ്മ പരിപാടിയുടെ ഭാഗമായി പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു

**1. 10** ഗേൾസ് ഹോസ്റ്റലിൽ **incinerator**-ഉം **vending machine**-ഉം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു.

**2.** പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വനാവകാശം നല്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനും അവ പരിപൂർണ്ണമായി ഡിജിറ്റലൈസ് ചെയ്യുന്നതിനുമായി **FRA portal** ആരംഭിച്ചു.

**3.** പാലക്കാട് ജില്ലയിലെ പുളർ ഗേൾസ്, പുളർ ബോയ്സ്, ഷോളയൂർ ഗേൾസ്, നുറണി പോസ്റ്റ് മെടിക് ഹോസ്റ്റലുകളുടെ നിർമാണം പൂർത്തീകരിച്ചു.

**4.** ഇടുക്കി ഇ.എം.ആർ.എസ്.ലെ അധിക ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കി.

**5.** തനതുകല, കൃഷി, ഭാഷ, സംസ്കാരം തുടങ്ങിയവ പരിപോഷിപ്പിക്കുന്നതിനു വേണ്ടി അട്ടപ്പാടിയിൽ ഒരു ഗോത്രകലാകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**6.** പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പുതിയതായി **30 Early Learning Centre**-കൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**7.** പട്ടികവർഗ്ഗ വികസന വകുപ്പിൽ വിവിധ സേവനങ്ങൾ **service portal** ൽ ഉൾപ്പെടുത്തി സർവീസ് പോർട്ടൽ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

**8.** സംസ്ഥാനത്തെ നാല് TEO ഓഫീസുകൾ (പാലക്കാട്, വയനാട്, ഇടുക്കി, മലപ്പുറം ജില്ലകളിൽ) Smart TEO Office കളാക്കി മാറ്റുന്ന പ്രവർത്തി പൂർത്തിയാക്കിയിട്ടുണ്ട്.

**9.** വയനാട്, ഇടുക്കി, പാലക്കാട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിലായി 5 Multi Purpose Centre കളുടെ പ്രവർത്തികൾ പൂർത്തിയാക്കി.

**10.** പട്ടികവർഗ്ഗ വിഭാഗക്കാർക്കായി പുതിയ ഭവന പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

**11.** നിർദ്ദിഷ്ട വയനാട് ട്രൈബൽ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിന്റെ ഭാഗമായി Special Purpose Vehicle രൂപീകരിച്ച് നടപടി സ്വീകരിച്ചു വരുന്നു.

**പട്ടികജാതി വികസന വകുപ്പ്**

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗം ജനങ്ങളുടെ വികസനത്തിനായി ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

1. വനിതാ സമൃദ്ധി-സ്ത്രീ ശാക്തീകരണ പരിപാടി- പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്ത്രീകളെ, സൂക്ഷ്മ സംരംഭങ്ങളോ സ്വയംതൊഴിൽ സംരംഭങ്ങളോ ആരംഭിക്കുന്നതിനും, SHG അംഗങ്ങളുടെ നിലവിലുള്ള സംരംഭങ്ങൾക്ക് സഹായകരമാക്കുന്നതിനും വായ്പ നൽകുന്നതാണ് ഈ പദ്ധതി.

2. കെ-ബിസ്സ്-പട്ടികജാതി സംരംഭകത്വ മിഷൻ - പട്ടികജാതിക്കാർക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും ഒരു കൂട്ടം വിജയികളായ സംരംഭകരെ സൃഷ്ടിക്കുന്നതിനും വ്യവസായ വകുപ്പുമായി സംയോജിപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്നതാണ് ഈ പദ്ധതി

3. പട്ടികജാതി സഹകരണ സംഘങ്ങളുടെ നവീകരണം - സംസ്ഥാനത്തെ പട്ടികജാതി സഹകരണ സംഘങ്ങളെ കാര്യക്ഷമവും ലാഭകരവുമാക്കുന്നതിനായി അവയെ പുനരുജ്ജീവിപ്പിക്കുന്നതിനും അതുവഴി നവീകരിക്കുന്നതിനും, പട്ടികജാതിക്കാർക്ക് സുസ്ഥിരമായ ഉപജീവന മാർഗ്ഗങ്ങളും വരുമാനവും ഉറപ്പാക്കുകയും ചെയ്യുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

100ദിന കർമ്മ പരിപാടിയിൽ പട്ടിക ജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**1. ദാക്ഷായണി പദ്ധതി** -പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന അഞ്ചോ അതിൽ അധികമോ വനിതകൾ അംഗങ്ങളായിട്ടുള്ളതും ജില്ലാ രജിസ്ട്രാർ ഓഫീസിൽ/കുടുംബശ്രീയിൽ/തദ്ദേശ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ സ്വയം സഹായ സംഘങ്ങൾക്കും, സംരംഭം ആരംഭിക്കാൻ ആഗ്രഹിക്കുന്ന വനിതകൾക്കും വ്യക്തിഗതമായും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആനുകൂല്യം ലഭ്യമാക്കുവാനുമാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്ത് സ്ത്രീസംരംഭകരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും, തൊഴിൽ സൃഷ്ടിക്കുന്നതിനും, നവീന സാങ്കേതികവിദ്യയും പ്രാദേശിക വിഭവങ്ങളും പ്രയോജനപ്പെടുത്തി മത്സരക്ഷമമായ സംരംഭങ്ങൾ വികസിപ്പിക്കുന്നതിനും ദാക്ഷായണി പദ്ധതി ലക്ഷ്യമിടുന്നു.

**2. തനതു ഭവന പദ്ധതി** - പട്ടികജാതി കുടുംബങ്ങൾക്ക് സ്വന്തമായി സുരക്ഷിത ഭവനം ഉറപ്പാക്കുന്ന ലക്ഷ്യത്തോടെ വകുപ്പ് നടപ്പിലാക്കുന്ന ഈ പുതിയ ഭവന പദ്ധതിയിലൂടെ സ്വന്തമായി ഭൂമിയുള്ള ഭവന രഹിതരായ പട്ടികജാതി കുടുംബങ്ങൾക്കും വാസയോഗ്യമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്കും ഭവന നിർമ്മാണം അനുവദിക്കുന്നതാണ്.

**3. പഞ്ചമി ഗ്രാമം വികസന പദ്ധതി –** സംസ്ഥാനത്തെ അസംബ്ലി നിയോജക മണ്ഡലങ്ങളിൽ കുറഞ്ഞത് 15 പട്ടികജാതി കുടുംബങ്ങൾ ഒരിടത്ത് അധിവസിക്കുന്നതും കുറഞ്ഞത് 3 ഉന്നതികളെയെങ്കിലും ഉൾപ്പെടുത്തി പ്രദേശങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കുന്നതിന് വിഭാവനം ചെയ്തിരിക്കുന്നതാണ് ഈ പദ്ധതി.

കൂടാതെ 20 ഗേൾസ് ഹോസ്റ്റലിൽ incinerator, vending machine എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പട്ടിക ജാതി വിദ്യാർത്ഥികൾക്കായി 1000 പഠനമുറികളുടെ നിർമ്മാണം , ഓരോ നിയോജക മണ്ഡലത്തിലെയും ഏറ്റവും പിന്നാക്കം നിൽക്കുന്ന പട്ടികജാതി സങ്കേതത്തെ തിരഞ്ഞെടുത്ത് അടിസ്ഥാന സൗകര്യം ഉറപ്പാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതി പ്രകാരം 50 അംബേദ്കർ ഗ്രാമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

പട്ടിക ജാതി ദുർബലവിഭാഗത്തിൽപ്പെട്ട വേടൻ, നായാടി ചക്ലിയ/അരുന്ധതിയാർ, കള്ളാടി എന്നിവർക്കായി രൂപീകരിച്ച് സ്വയം തൊഴിൽ പദ്ധതി പ്രകാരം 25 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചു നല്കി. 600 പേർക്ക് നൈപുണ്യം പരിശീലനം നല്കി. സംരംഭങ്ങൾ ആരംഭിക്കുന്നതിന് സബ് സിഡി നിരക്കിൽ 50 ഗുണഭോക്താക്കൾക്ക് ബാങ്ക് വായ്പ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

കൊഴിഞ്ഞംപാറ, മനിശ്ശേരി, ആലുവ ചേർത്തല എന്നീ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം സജ്ജമാക്കുന്നതിനും MRS ചേലക്കരയിൽ പുതിയ ഹയർ സെക്കന്ററി ബാച്ച് അനുവദിക്കുകയും ചെയ്തു.

**പിന്നാക്ക വിഭാഗ വികസന വകുപ്പ്**

കൊച്ചിയിൽ ഷണ്മുഖൻ ചെട്ടി പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പിന്നാക്ക വിഭാഗ വിദ്യാർത്ഥികളുടെ കുടിശ്ശിക വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ബഡ്ജറ്റ് വിഹിതത്തിനു പുറമെ അധികമായി 52.77 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സാങ്കേതിക തടസങ്ങളില്ലാത്ത എല്ലാ അപേക്ഷകർക്കും 2025-26 വരെയുള്ള കുടിശ്ശിക പൂർണ്ണമായും അനുവദിച്ചു നൽകി. നൂറു ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി, 2025-26സാമ്പത്തിക വർഷം വരെയുള്ള ഒ.ബി.സി , ഒ.ഇ.സി, പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ കുടിശ്ശിക തീർപ്പാക്കലിന്റെ ഭാഗമായി, 282 കോടി രൂപ അർഹരായ ഗുണഭോക്താക്കൾക്ക് അനുവദിച്ച് നല്കിയിട്ടുണ്ട്. കുംഭാരനഗർ നവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട അരുവാക്കോട് കുംഭാര കോളനി വർക്ക് ഷെഡ് നവീകരണം, അറുപുഴ കുംഭാര നഗർ നവീകരണം എന്നീ പദ്ധതികൾ പൂർത്തികരിച്ചിട്ടുണ്ട്

നിലവിൽ പിന്നാക്കവിഭാഗ വികസന വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികളുടെ പട്ടിക ഇതിനോടൊപ്പം അനുബന്ധം(2) ആയി ചേർത്തിട്ടുണ്ട്.

**(ബി)** പേരാമ്പ്ര നിയോജകമണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്കവിഭാഗ പ്രദേശങ്ങളിലെ ജനങ്ങളുടെ സമഗ്രവികസനത്തിനായി തയ്യാറാക്കിയിട്ടുള്ളതും നടപ്പിലാക്കിയിട്ടുള്ളതുമായ പദ്ധതികളുടെ വിവരങ്ങൾ വ്യക്തമാക്കുമോ?

**<u>മറുപടി:</u>** **<u>പട്ടിക വർഗ്ഗ വികസന വകുപ്പ്</u>**

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ പേരാമ്പ്ര ടി.ഒ ഓഫീസ് സ്മാർട്ട് ഇ-ഓഫീസായി സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ മുൻ വർഷങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന വിവിധ വികസന പ്രവർത്തനങ്ങൾ തുടർ പദ്ധതികളായി നടപ്പിലാക്കി വരുന്നു.

**<u>പട്ടികജാതി വികസന വകുപ്പ്</u>**

പേരാമ്പ്ര നിയോജക മണ്ഡലത്തിലെ പട്ടികജാതി വിഭാഗ പ്രദേശങ്ങളിലെ ജനങ്ങളുടെ സമഗ്ര വികസനത്തിനായി വകുപ്പിന്റെ അംബേദ്കർ ഗ്രാമം, കോർപ്പസ് ഫണ്ട് പദ്ധതികളിലുൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**അംബേദ്കർ ഗ്രാമം**

2016-17

1) നരിമഞ്ചക്കൽ ഉന്നതി, ചങ്ങരോത്ത് പഞ്ചായത്ത് - പദ്ധതി പൂർത്തീകരിച്ചു

2) മെയോറകുന്ന്, കൂത്താളി പഞ്ചായത്ത് - പദ്ധതി പൂർത്തീകരിച്ചു

2019-20

വലിയ പറമ്പ് ഉന്നതി, നൊച്ചാട് പഞ്ചായത്ത് - പദ്ധതി പൂർത്തീകരിച്ചു

2022-23

ചെറിയ പറമ്പ് ഉന്നതി, തുറയൂർ പഞ്ചായത്ത് - അവസാനഘട്ട പ്രവർത്തികൾ നടന്നു കൊണ്ടിരിക്കുന്നു.

2023-24

കുണ്ടൂത്തറ ഉന്നതി, ചെറുവണ്ണൂർ പഞ്ചായത്ത് - പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

2025-26

മണ്ണാടി നഗർ, കീഴരിയൂർ പഞ്ചായത്ത് - ഏജൻസി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

**കോർപ്പസ് ഫണ്ട്**

2016-17

കുണ്ടൂത്തറ നഗർ കുടിവെള്ള പദ്ധതി, ചെറുവണ്ണൂർ പഞ്ചായത്ത് - പദ്ധതി പൂർത്തീകരിച്ചു.

2018-19

1) പെരുവാഞ്ഞി നഗർ പൊതുകിണർ ഉപയോഗയോഗ്യ മാക്കൽ, ചെറുവണ്ണൂർ പഞ്ചായത്ത് - പദ്ധതി പൂർത്തീകരിച്ചു.

2) ശ്രീമതി കൊറുമ്പി ചേർമലയിൽ എന്നവരുടെ വീട്ടിലേക്കുള്ള നടപ്പാത നിർമ്മിക്കൽ, പേരാമ്പ്ര പഞ്ചായത്ത് - പദ്ധതി പൂർത്തീകരിച്ചു.

2019-20

1) കൈപ്പുറം മാണിക്കോത്ത് നഗർ കുടിവെള്ള പദ്ധതി, പേരാമ്പ്ര പഞ്ചായത്ത് - പദ്ധതി പൂർത്തീകരിച്ചു.

2) പുലപ്രകുന്ന് എസ് സി നഗർ വർക്ക് ഷെഡ്, ലൈബ്രറി നിർമാണം, മേപ്പയ്യൂർ പഞ്ചായത്ത് - പദ്ധതി പൂർത്തീകരിച്ചു.

3) പുലപ്രകുന്ന് എസ് സി നഗർ റോഡ് നിർമാണത്തിനായി 3 ഇലക്ട്രിക് പോസ്റ്റ് മാറ്റി വെക്കൽ, മേപ്പയ്യൂർ പഞ്ചായത്ത് - പദ്ധതി പൂർത്തീകരിച്ചു.

4) ചാർത്തിപ്പാറ കുടിവെള്ള പദ്ധതിയുടെ പമ്പിംഗ് മോട്ടോർ മാറ്റി സ്ഥാപിക്കൽ, ചങ്ങരോത്ത് പഞ്ചായത്ത് - പദ്ധതി പൂർത്തീകരിച്ചു.

5) കൈപ്രം കോളനി കുടിവെള്ള പദ്ധതി- വാട്ടർ ടാങ്ക്, പമ്പ് ഹൗസ്, പൈപ്പ് ലൈൻ പ്രവൃത്തികൾ, പേരാമ്പ്ര പഞ്ചായത്ത് - പദ്ധതി പൂർത്തീകരിച്ചു.

6) പന്നിക്കോട്ടൂർ നഴ്സറി സ്കൂൾ വൈദ്യുതീകരണം, ചക്കിട്ടപ്പാറ പഞ്ചായത്ത് - പദ്ധതി പൂർത്തീകരിച്ചു.

7) ചേർമല സാംബവ നഗർ വൈദ്യുതീകരണം, പേരാമ്പ്ര പഞ്ചായത്ത് - പദ്ധതി പൂർത്തീകരിച്ചു.

2022-23

1) നരിമഞ്ചക്കൽ എസ് സി നഗർ പരിശീലനകേന്ദ്രം- Single Phase service connection- ചങ്ങരോത്ത് പഞ്ചായത്ത് - പദ്ധതി പൂർത്തീകരിച്ചു.

2) നരിമഞ്ചക്കൽ എസ് സി നഗർ കുടിവെള്ള പദ്ധതി 5 ഇലക്ട്രിക് പോസ്റ്റ് അധികം സ്ഥാപിക്കൽ- ചങ്ങരോത്ത് പഞ്ചായത്ത് - പദ്ധതി പൂർത്തീകരിച്ചു.

3) മൊയോറകുന്ന് എസ് സി നഗർ കുടിവെള്ള പദ്ധതി, കൂത്താളി പഞ്ചായത്ത് - പദ്ധതി പൂർത്തീകരിച്ചു.

4) ആക്കൽ വയൽ നഗർ ഫുട്പാത്ത് നിർമാണം, തുറയൂർ പഞ്ചായത്ത് - പദ്ധതി പൂർത്തീകരിച്ചു.

2023-24

1) നരിമഞ്ചക്കൽ നഗർ-അംബേദ്കർ ഗ്രാമം പദ്ധതിയിൽ പൂർത്തീകരിക്കാൻ സാധിക്കാത്ത പ്രവൃത്തികൾ, ചങ്ങരോത്ത് പഞ്ചായത്ത് - പദ്ധതി പൂർത്തീകരിച്ചു.

2) ആക്കൽ വയൽ നഗർ -ആക്കൽ നരിക്കുനി ഫുട്പാത്ത് നിർമാണം, തുറയൂർ പഞ്ചായത്ത് - പദ്ധതി പൂർത്തീകരിച്ചു.

2025-26

1) താഴത്തെ ആക്കൽ ഡ്രെയിനേജ് കം ഫുട്പാത്ത്, തുറയൂർ പഞ്ചായത്ത് - പദ്ധതി പുരോഗമിക്കുന്നു.

പിന്നാക്ക വിഭാഗ വികസന വകുപ്പ്

പേരാമ്പ്ര നിയോജകമണ്ഡലത്തിന് പ്രത്യേകമായി പിന്നാക്ക വിഭാഗ വികസന വകുപ്പ് പദ്ധതികളൊന്നും നടപ്പാക്കുന്നില്ല.

**സെക്ഷൻ ഓഫീസർ**

Annexure I

| PLAN PROGRESS REPORT AS ON 24.09.2026 | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| Scheme wise - State Schemes Including State share of OCSS | | | | | | | | | |
| Financial year -2026-27 | | | | | | | | | |
| **Sl No** | **Scheme Code** | **Scheme Name** | **Budget Provision (in lakhs)** | **Total Permitted Amount (Ceiling Amount)** | **Total Amount Allocated as on 24.09.2026** | **Treasury Expenditure as on 24.09.2026** | **Balance amount to be alloted** | **Expenditure % (Budget Outlay )** | **Expenditure % (Ceiling Amount)** |
| 1 | WBC 026 (2) | Enforcement of Prevention of Atrocities Act 1989 ( 50% State Share )-2225-02-800-68(02) | 82.00 | 16.40 | 0.00 | 0.00 | 16.40 | 0.00 | 0.00 |
| 2 | WBC 026(01) | Enforcement of Prevention of Atrocities Act 1989 ( 50% Central Share)-2225-02-800-68-01 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 |
| 3 | WBC 031 | IEC Project (Information, Education and Communication - Publicity Wing )-2225-02-277-39 | 200.00 | 60.00 | 58.29 | 54.06 | 1.71 | 27.03 | 90.11 |
| 4 | WBC 055 | Modernisation of Tribal Development Department-2225-02-001-97 | 190.00 | 47.41 | 18.03 | 17.29 | 29.38 | 9.10 | 36.47 |
| 5 | WBC 055(01) | Modernisation of Tribal Development Department-4225-02-800-86-00 | 50.00 | 10.00 | 7.67 | 2.88 | 2.33 | 5.77 | 28.84 |
| 6 | WBC 071 | Implementation of Kerala State Restriction of Transfer of Lands and Restoration of Alinated Land Act-2225-02-800-66 | 1.00 | 0.20 | 0.00 | 0.00 | 0.20 | 0.00 | 0.00 |
| 7 | WBC 072 | Food Support Programme-2225-02-102-92 | 2200.00 | 1540.00 | 1540.00 | 888.96 | 0.00 | 40.41 | 57.72 |
| 8 | WBC 077 | Post Matric Hostels for Tribals-2225-02-277-73 | 500.00 | 344.81 | 96.35 | 159.89 | 248.46 | 31.98 | 46.37 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 9 | WBC 123 | Improving Facilities & renovation of pre - Matric & Post- Matric in Hostels-2225-02-277-52 | 1000.00 | 461.80 | 461.78 | 251.32 | 0.02 | 25.13 | 54.42 |
| 10 | WBC 123 (1) | Improving Facilities & renovation of pre - Matric & Post- Matric in Hostels-4225-02-277-43(0) | 50.00 | 10.00 | 4.90 | 0.00 | 5.10 | 0.00 | 0.00 |
| 11 | WBC 149 | Resettlement of Landless Tribals-2225-02-283-90 | 500.00 | 100.00 | 63.03 | 48.88 | 36.97 | 9.78 | 48.88 |
| 12 | WBC 149(01) | Resettlement of Landless Tribals-4225-02-283-97-00 | 3500.00 | 961.80 | 961.63 | 802.36 | 0.17 | 22.92 | 83.42 |
| 13 | WBC 223 | Pooled Fund for Special Projects Proposed by Other Departments under TSP.-2225-02-102-90 | 200.00 | 40.00 | 18.76 | 0.88 | 21.24 | 0.44 | 2.20 |
| 14 | WBC 236 | Management Cost for the Running of Model Residential Schools-2225-02-277-49 | 6000.00 | 3584.3 | 1366.37 | 2778.39 | 2217.93 | 46.31 | 77.52 |
| 15 | WBC 271 | Assistance for Self Employment and Skill Development Training to ST Youths-2225-02-277-42 | 1000.00 | 410.10 | 407.29 | 362.99 | 2.81 | 36.30 | 88.51 |
| 16 | WBC 286 | Critical Gap Filling Scheme(Corpus Fund) under TSP-2225-02-102-93 | 4200.00 | 952.98 | 952.86 | 285.76 | 0.12 | 6.80 | 29.99 |
| 17 | WBC 286(01) | Critical Gap Filling Scheme(Corpus Fund) under TSP-4225-02-102-90-00 | 1000.00 | 265.50 | 265.50 | 144.59 | 0.00 | 14.46 | 54.46 |
| 18 | WBC 287 | Assistance to Tribal Welfare Institutions-2225-02-102-91 | 250.00 | 80.00 | 35.43 | 23.57 | 44.57 | 9.43 | 29.47 |
| 19 | WBC 288 | Tribal Promoters-2225-02-102-89 (1) | 1915.00 | 1187.68 | 1187.66 | 977.27 | 0.02 | 51.03 | 82.28 |
| 20 | WBC 288 (1) | Organization of Oorukoottams-2225-02-102-89 (2) | 125.00 | 25.00 | 25.00 | 7.21 | 0.00 | 5.76 | 28.82 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 21 | WBC 288 (2) | Honorarium to Management Trainees and Health Management Trainees-2225-02-102-89 (3) | 168.00 | 117.15 | 112.35 | 72.11 | 4.80 | 42.92 | 61.56 |
| 22 | WBC 288 (3) | Honorarium to Counselors Engaged in the Hostels and MRS-2225-02-102-89 (4) | 115.00 | 45.21 | 43.82 | 23.52 | 1.39 | 20.45 | 52.03 |
| 23 | WBC 288 (4) | Engaging Social Workers in Tribal Welfare-2225-02-102-89 (5) | 192.00 | 107.10 | 107.09 | 92.76 | 0.00 | 48.31 | 86.61 |
| 24 | WBC 290 | Special Incentive to Brilliant Students-2225-02-277-40 (1) | 115.00 | 27.59 | 27.59 | 21.42 | 0.00 | 18.62 | 77.63 |
| 25 | WBC 290 (1) | Ayyankali Memorial Talent Search and Development-2225-02-277-40 (2) | 85.00 | 17.00 | 17.00 | 0.38 | 0.00 | 0.45 | 2.25 |
| 26 | WBC 290 (2) | Assistance for Study Tour to Schools and College Going Students-2225-02-277-40 (3) | 75.00 | 15.00 | 15.00 | 0.00 | 0.00 | 0.00 | 0.00 |
| 27 | WBC 290 (3) | Assistance to Orphans-2225-02-277-40 (4) | 200.00 | 40.00 | 40.00 | 32.70 | 0.00 | 16.35 | 81.75 |
| 28 | WBC 290 (4) | Supply of Laptop to Sudents-2225-02-277-40 (6) | 200.00 | 40.00 | 6.60 | 6.60 | 33.40 | 3.30 | 16.50 |
| 29 | WBC 292 | Comprehensive Tribal Health Care-2225-02-282-91 | 4000.00 | 1,932.80 | 1,908.97 | 1,155.80 | 23.83 | 28.90 | 59.80 |
| 30 | WBC 295 | Housing Completion of incomplete Houses.-2225-02-283-89 | 100.00 | 100.00 | 100.00 | 94.05 | 0.00 | 94.05 | 94.05 |
| 31 | WBC 295(01) | Housing Completion of incomplete Houses.-4225-02-283-98-00 | 7900.00 | 1580.00 | 1580.00 | 1533.49 | 0.00 | 19.41 | 97.06 |
| 32 | WBC 320 | Financial Assistance to Traditional Tribal Healers-2225-02-277-36 | 45.00 | 24.40 | 24.20 | 13.16 | 0.20 | 29.24 | 53.94 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 33 | WBC 320 (1) | Assistance for Sickle-cell Anemia patients-2225-02-282-92 | 400.00 | 273.92 | 273.90 | 139.26 | 0.02 | 34.81 | 50.84 |
| 34 | WBC 320 (2) | Assistance to Marriage of ST girls-2225-02-102-94 | 400.00 | 120.00 | 114.60 | 22.20 | 5.40 | 5.55 | 18.50 |
| 35 | WBC 320 (3) | Janani-Janma Raksha-2225-02-282-89 | 2000.00 | 1,355.80 | 1,330.80 | 1,099.33 | 25.00 | 54.97 | 81.08 |
| 36 | WBC 321 | Special Programme for Adiyas,Paniyas,PVTGs and Tribes living in forest-2225-02-102-86 | 300.00 | 69.99 | 42.70 | 31.38 | 27.29 | 10.46 | 44.84 |
| 37 | WBC 322 | Promotion of Education among Scheduled Tribes-2225-02-277-35 | 1800.00 | 852.84 | 852.84 | 417.30 | 0.00 | 23.18 | 48.93 |
| 38 | WBC 323 | Ambedkar Settlement Development Scheme-2225-02-102-85 | 200.00 | 40.00 | 0.00 | 0.00 | 40.00 | 0.00 | 0.00 |
| 39 | WBC 323(01) | Ambedkar Settlement Development Scheme-4225-02-102-92-00 | 3000.00 | 800.10 | 445.05 | 236.91 | 355.05 | 7.90 | 29.61 |
| 40 | WBC 352 | Wayanad Gothra Bhasha Kala Padana Kendra-2225-02-277-32 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 |
| 41 | WBC 360 | Gothra Valsalyanidhi( Tribal Girl Child Endowment Scheme)-2225-02-102-76 | 1.00 | 0.20 | 0.00 | 0.00 | 0.20 | 0.00 | 0.00 |
| 42 | WBC 361 | Gothrabandhu- Engaging Tribal Teachers in Primary Schools-2225-02-102-89 (06) | 300.00 | 110.01 | 60.46 | 59.35 | 49.55 | 19.78 | 53.95 |
| 43 | WBC 382 | Post matric Scholarship for scheduled Tribe Students (25 % SS) - 25% State Share-2225-02-277-29 (02) | 1200.00 | 1200.00 | 0.00 | 0.00 | 1200.00 | 0.00 | 0.00 |
| 44 | WBC 395 (1) | Housing Scheme for the Homeless STs Under Life mission-4225-02-283-99 | 10000.00 | 2800.00 | 0.00 | 0.00 | 2800.00 | 0.00 | 0.00 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 45 | WBC 396 | Construction of Model Residential/Ashram Schools/Ekalavya Model Residential Schools/Prematric and Post Matric Hostels in Tribal Area-4225-02-277-42 | 500.00 | 116.47 | 169.43 | 169.43 | 52.96 | 33.89 | 145.47 |
| 46 | WBC 397 | Vocational Training Institute for Scheduled Tribes-2225-02-277-28 | 80.00 | 61.94 | 17.29 | 39.32 | 44.65 | 49.15 | 63.48 |
| 47 | WBC 398 | Agriculture Income Initiative for Scheduled Tribes-2225-02-102-74 | 500.00 | 240.00 | 240.00 | 217.13 | 0.00 | 43.43 | 90.47 |
| 48 | WBC 416 | Kerala Tribal Plus (Additional Wage Employment under MGNREGS)-2225-02-102-72 | 2000.00 | 1,201.40 | 1,201.27 | 1,000.00 | 0.13 | 50.00 | 83.24 |
| 49 | WBC 417 | Edamalakkudi Comprehensive Development Package-2225-02-102-71 | 50.00 | 10.00 | 0.00 | 0.00 | 10.00 | 0.00 | 0.00 |
| 50 | WBC 417 (1) | Edamalakkudi Comprehensive Development Package-4225-02-102-96 | 150.00 | 70.01 | 0.00 | 0.00 | 70.01 | 0.00 | 0.00 |
| 51 | WBC 421 (1) | Pre-matric Scholarship for Scheduled Tribes Students studying in IX and X classes - 25% State Share- 2225-02-277-26(02) | 100.00 | 100.00 | 94.23 | 94.23 | 5.77 | 94.23 | 94.23 |
| 52 | WBC 430 | Scholarships for studying abroad and outside the State- 2225-02-277-25 | 600.00 | 600.00 | 123.80 | 123.24 | 476.20 | 20.54 | 20.54 |
| 53 | WBC 431 | UNNATHI- Entrepreneurship development programme and start-ups- 2225-02-102-68 | 100.00 | 20.00 | 0.00 | 0.00 | 20.00 | 0.00 | 0.00 |
| 54 | WBC 432 | WINGS ( Skill development programme in Aviation field)- 2225-02-277-24 | 100.00 | 20.00 | 11.88 | 11.88 | 8.12 | 11.88 | 59.40 |
| 55 | WBC 438 | Livelihood Mission for Tribal Unnathies-2225-02-102-69 | 800.00 | 220.00 | 4.17 | 0.00 | 215.83 | 0.00 | 0.00 |
| 56 | WBC 445(01) | Vidhyavahini-2225-02-277-23-00 | 3000.00 | 1,900.50 | 1,865.45 | 866.26 | 35.05 | 28.88 | 45.58 |
| 57 | WBC 446 | Special Development Package for Paniyan community-4225-02-102-93-00 | 50.00 | 10.00 | 0.00 | 0.00 | 10.00 | 0.00 | 0.00 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 58 | WBC 446(01) | Special Development Package for Paniyan community-2225-02-102-66-00 | 50.00 | 10.00 | 0.00 | 0.00 | 10.00 | 0.00 | 0.00 |
| 59 | WBC 447 | Special Package for Addressing Critical Gaps in Basic Amenities of Scheduled Tribes-2225-02-102-65-00 | 100.00 | 80.00 | 0.00 | 0.00 | 80.00 | 0.00 | 0.00 |
| 60 | WBC 447(01) | Special Package for Addressing Critical Gaps in Basic Amenities of Scheduled Tribes-4225-02-102-91-00 | 400.00 | 180.00 | 145.00 | 0.00 | 35.00 | 0.00 | 0.00 |
| 61 | WBC 454 | Academic and Research Chair for Tribal Studies-2225-02-277-22-00 | 30.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 |
| 62 | WBC 455 | Multipurpose Hostels for ST Women-4225-02-283-96-00 | 200.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 |
| 63 | WBC 456 | Revamping ST Co-operative Societies-2225-02-800-08-00 | 100.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 |
| 64 | WBC 457 | Land Registration Assistance for ST Families-2225-02-800-07-00 | 100.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 |
| 65 | WBC 458 | Promotion of Indigenous Tourism in Tribal Areas-2225-02-102-64-00 | 100.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 |
| **Total(State)** | | | **64869.00** | **26607.39** | **18446.03** | **14379.52** | **8161.36** | **22.17** | **54.04** |
| **Centrally Sponsored Schemes** | | | | | | | | | |
| 1 | WBC 026 | Enforcement of Prevention of Atrocities Act 1989 ( 50% State Share ) - 50% State Share-2225-02-800-68-02 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 |
| 2 | WBC 026 (3) | Enforcement of Prevention of Atrocities Act 1989 ( 50% Central Share)-2225-02-800-68 (01) | 82.00 | 16.40 | 0.00 | 0.00 | 16.40 | 0.00 | 0.00 |
| 3 | WBC 166 | Conservation cum Development (CCD) Plan for PVTGS(100% CSS)-2225-02-794-92 | 1.00 | 0.20 | 0.00 | 0.00 | 0.20 | 0.00 | 0.00 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 4 | WBC 174 | Grant-in-Aid to Kerala State Federation of SC's/STs Development Co-operative Ltd(100% CSS)-2225-80-195-99 | 1.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 |
| 5 | WBC 225 | Implementation of Scheduled Tribes and other Traditional Forest Dwellers (Recognition of Forest Right) Act,2006 under Article 275 (1).100% CSS)-2225-02-283-86 | 1.00 | 0.20 | 0.00 | 0.00 | 0.20 | 0.00 | 0.00 |
| 6 | WBC 324 (1) | Construction of Model Residential Schools and Hostels (under Article 275(1)) (100% CSS)-4225-02-277-40 | 2000.00 | 400.00 | 351.80 | 349.97 | 48.20 | 17.50 | 87.49 |
| 7 | WBC 382 (1) | Post matric Scholarship for Scheduled TribeStudents (75 % CSS) - 75% Central Share-2225-02-277-29 (01) | 3600.00 | 3,600.00 | 0.00 | 0.00 | 3600.00 | 0.00 | 0.00 |
| 8 | WBC 386 | Development Schemes under Grant-in-Aid under Article 275 (1)100% CSS)-2225-02-102-75 | 500.00 | 100.00 | 88.38 | 88.38 | 11.62 | 17.68 | 88.38 |
| 9 | WBC 421 | Pre-matric Scholarship for Scheduled Tribes Students (75% CSS) - 75% Central Share-2225-02-277-26-01 | 300.00 | 300.00 | 0.00 | 0.00 | 300.00 | 0.00 | 0.00 |
| 10 | WBC 421(01) | Pre-matric Scholarship for Scheduled Tribes Students studying in IX and X classes - 75% Central Share-2225-02-277-26-01 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 |
| 11 | WBC 427 | Pradhan Mantri Adi Adarsh Gram Yojan (SCA to TSS) (100% CSS)- 2225-02-794-90 | 200.00 | 40.00 | 0.00 | 0.00 | 40.00 | 0.00 | 0.00 |
| 12 | WBC 439 | Project Management unit (100% CSS)-2225-02-794-89 | 138.00 | 27.60 | 0.00 | 0.00 | 27.60 | 0.00 | 0.00 |
| 13 | WBC 440 | Pradhan Mantri Janjati Adivasi Nyaya Maha Abhiyan(PM-JANMAN)(100% CSS)-4225-02-102-95 | 672.00 | 183.79 | 174.81 | 174.26 | 8.98 | 25.93 | 94.81 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 14 | WBC 452 | Dharti Aaba Janjatiya Gram Utkarsh Abhiyan (DA-JGUA) (100% CSS)-2225-02-794-86-00 | 1000.00 | 200.00 | 127.97 | 103.45 | 72.03 | 10.35 | 51.73 |
| 15 | WBC 453 | Dharti Aaba Janjatiya Gram Utkarsh Abhiyan - Capital works (100% CSS)-4225-02-800-85-00 | 0.00 | 198.08 | 148.08 | 0.00 | 50.00 | 0.00 | 0.00 |
| **Total(CSS)** | | | **8495.00** | **5066.27** | **891.05** | **716.07** | **4175.22** | **8.43** | **14.13** |
| **Grand Total(State+CSS)** | | | **73364.00** | **31673.66** | **19337.08** | **15095.59** | **12336.58** | **20.58** | **47.66** |

Annexure II

# അനുബന്ധം -പിന്നാക്ക വിഭാഗ വികസന വകുപ്പ് പദ്ധതികൾ

## വിദ്യാഭ്യാസ പദ്ധതികൾ

### 1. ഒ.ഇ.സി പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ

- സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ്/ അൺ-എയ്ഡഡ്/ അഫിലിയേറ്റഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒ.ഇ.സി/ഒ.ബി.സി(എച്ച്) വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നു.
- ഒ.ഇ.സി സമുദായങ്ങൾക്ക് വരുമാന പരിധി ഇല്ല.
- ഒ.ബി.സി(എച്ച്) ന് 6 ലക്ഷം രൂപയാണ് വരുമാന പരിധി.
- പ്രതിവർഷ ആനുകൂല്യ തുക – LP (850/-), UP (1000/-), HS (1100/-)

അപേക്ഷ സമർപ്പണം -ഇ-ഗ്രാന്റ്സ് പോർട്ടലിലൂടെ ഓൺലൈൻ ആയി.

### 2. ഒ.ബി.സി, ഇ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ്-കേന്ദ്രാവിഷ്കൃത പദ്ധതി (60% CSS)

- 60% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി.
- സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന ഒ.ബി.സി വിദ്യാർത്ഥികൾക്ക് പഠന മികവിന്റെ അടിസ്ഥാനത്തിൽ പ്രതിവർഷം 4000/- രൂപ സ്കോളർഷിപ്പ് അനുവദിക്കുന്നു.
- കുടുംബ വാർഷിക വരുമാന പരിധി - 2.5 ലക്ഷം രൂപ

അപേക്ഷ സമർപ്പണം -ഇ-ഗ്രാന്റ്സ് പോർട്ടലിലൂടെ ഓൺലൈൻ ആയി.

### 3. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ (സംസ്ഥാന പദ്ധതി)

- +2 മുതൽ Ph.D വരെയുള്ള കോഴ്സുകളിൽ പ്രവേശനം നേടുന്ന ഒ.ഇ.സി, ഒ.ബി.സി (എച്ച്) വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നു.
- കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ SEBC വിഭാഗത്തിൽപ്പെട്ട സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കും, സ്വാശ്രയ എഞ്ചിനീയറിംഗ് കോഴ്സുകളിലെ വിദ്യാർത്ഥികൾക്കും സർക്കാർ നിരക്കിലുള്ള ഫീസ് അനുവദിക്കുന്നു.
- KPCR വിദ്യാഭ്യാസാനുകൂല്യത്തിനുള്ള കുടുംബ വാർഷിക വരുമാന പരിധി - 1 ലക്ഷം രൂപ.

അപേക്ഷ സമർപ്പണം -ഇ-ഗ്രാന്റ്സ് പോർട്ടലിലൂടെ ഓൺലൈൻ ആയി.

4. ഒ.ബി.സി, ഇ.ബി.സി പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് - കേന്ദ്രാവിഷ്കൃത പദ്ധതി (60% CSS)

- 60% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി.
- സംസ്ഥാനത്തെ ഒ.ബി.സി വിഭാഗത്തിൽപ്പെട്ട ഹയർ സെക്കന്ററി വിദ്യാർത്ഥികൾ, സംസ്ഥാനത്തിനകത്ത് CA/CMA/ICWA/CS കോഴ്സുകളിൽ പഠിക്കുന്നവർ, സംസ്ഥാനത്തിനു പുറത്ത് ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ നടത്തുന്ന തെരഞ്ഞെടുപ്പ് രീതി പ്രകാരം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ എന്നിവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നതിന് അർഹതയുള്ളത്.
- കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപ.

5. ഓവർസീസ് സ്കോളർഷിപ്പ്

- ഒ.ബി.സി വിദ്യാർത്ഥികൾക്ക് വിദേശസർവ്വകലാശാലകളിൽ ഉപരിപഠനം നടത്തുന്നതിന് സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതി.
- മെഡിക്കൽ/എഞ്ചിനീയറിങ്/പ്യൂവർ സയൻസ്/അഗ്രികൾച്ചർ/ മാനേജ്മെന്റ്/നിയമം /സോഷ്യൽ സയൻസ്/ കമ്പ്യൂട്ടർ സയൻസ് കോഴ്സുകൾ പഠിക്കുന്നവർക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.
- പരമാവധി സ്കോളർഷിപ്പ് തുക 10 ലക്ഷം.
- 6 ലക്ഷം രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി.
- അപേക്ഷ സമർപ്പണം -ഇ-ഗ്രാന്റ്സ് പോർട്ടലിലൂടെ ഓൺലൈൻ ആയി.

6. മാതാവോപിതാവോ രണ്ട് പേരുമോ നഷ്ടപ്പെട്ട ഒ.ബി.സി വിഭാഗം പെൺകുട്ടികൾക്ക് മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾ പഠിക്കുന്നതിന് സ്കോളർഷിപ്പ്

- മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പഠിക്കുന്ന മാതാവിനെയോ പിതാവിനെയോ അല്ലെങ്കിൽ ഇരുവരേയുമോ നഷ്ടപ്പെട്ട മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ പെൺക്കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം നൽകുന്നതിന് ആരംഭിച്ച പദ്ധതി.
- കുടുംബ വാർഷിക വരുമാന പരിധി 2.50 ലക്ഷം രൂപ.
- പ്രതിവർഷം 50,000/- രൂപ സ്കോളർഷിപ്പ് അനുവദിക്കുന്ന

7. കെടാവിളക്ക് സ്കോളർഷിപ്പ്

- സംസ്ഥാനത്തെ സ്കൂളുകളിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് 1500/- രൂപ സ്കോളർഷിപ്പ് അനുവദിക്കുന്നു.
- കുടുംബ വാർഷിക വരുമാന പരിധി 2.50 ലക്ഷം രൂപ.

## 8. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം

- പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ, തൊഴിൽ പരിശീലനം എന്നിവയ്ക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിൽ 3 ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

a) മെഡിക്കൽ/എഞ്ചിനീയറിംഗ്, ബാങ്കിംങ്ങ്, സിവിൽ സർവ്വീസ്, UGC/JRF, GATE/MAT, IELTS/TOEFL/OET/NCLEX പരീക്ഷാ പരിശീലന ധനസഹായം

| പരിശീലന ഇനം | കുടുംബ വാർഷിക വരുമാനം | പരമാവധി ട്യൂഷൻ ഫീസ് | മെയിന്റനൻസ് അലവൻസ് | ആകെ അനുവദിക്കുന്ന പരമാവധി തുക |
|---|---|---|---|---|
| മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് | 2ലക്ഷം | 20000/- | 10000/- | 30000/- |
| ബാങ്കിംഗ് | 2ലക്ഷം | 10000/- | 10000/- | 20000/- |
| സിവിൽ സർവ്വീസ് | 4.5ലക്ഷം | 15000/- | 10000/- | 25000/- |
| UGC/JRF,GATE/MAT | 2.5ലക്ഷം | 15000/- | 10000/- | 25000/- |
| IELTS/TOEFL/OET/NCLEX | 2.5ലക്ഷം | - | - | 14000/- |

## വികസന ക്ഷേമ പദ്ധതികൾ

### 1.പരമ്പരാഗത കരകൌശല പണിക്കാർക്കുള്ള നൈപുണ്യ വികസന പരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം.

- പരമാവധി 20,000/- രൂപയാണ് ആനുകൂല്യം അനുവദിക്കുന്നത്.
- കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപ.

### 2.പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം

- പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് തൊഴിൽ നവീകരിക്കുന്നതിനും യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും വേണ്ടി 50,000/- രൂപ വീതം ധനസഹായം നൽകുന്ന പദ്ധതി.
- കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപ

## 3.പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള ധനസഹായം

- പരമ്പരാഗത ബാർബർ തൊഴിലാളികൾക്ക് ബാർബർഷോപ്പ് നവീകരിക്കുന്നതിന് പരമാവധി 40000/- രൂപ വരെ വിവിധ ഗഡുക്കളായി ഗ്രാന്റ് അനുവദിക്കുന്ന പദ്ധതി.
- കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപ.

## 4.ആട്ടോമൊബൈൽ മേഖലയിൽ തൊഴിൽ പരിശീലനം

- പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ആട്ടോമൊബൈൽ മേഖലയിൽ ഡിപ്ലോമ/ഐ.റ്റി.ഐ/ഐ.റ്റി.സി കോഴ്സ് പൂർത്തിയാക്കിയവർക്ക് പരിശീലനം നൽകുകയും, പ്രമുഖ സ്ഥാപനങ്ങളിൽ തൊഴിൽ ഉറപ്പാക്കുകയും ചെയ്യുന്ന പദ്ധതി.
- 2 ലക്ഷം രൂപയാണ് വരുമാന പരിധി.
- സ്റ്റൈപന്റ്, ട്യൂഷൻ ഫീ ഇനങ്ങളിൽ പ്രതിമാസം 8000/- രൂപ വീതം ആനുകൂല്യം അനുവദിക്കുന്നു.

## 5. കുംഭാര നഗർ അടിസ്ഥാന സൌകര്യ വികസന പദ്ധതി

- പരമ്പരാഗത കളിമൺപാത്ര തൊഴിലാളികൾ അധിവസിക്കുന്ന കുംഭാര നഗറിന്റെ സമഗ്ര വികസനത്തിന് വേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതി.

## 6.അഡ്വക്കേറ്റ് ഗ്രാന്റ്

- അഭിഭാഷക കൌൺസിലിൽ എൻറോൾ ചെയ്ത ഒ.ബി.സി നിയമ ബിരുദധാരികൾക്ക് പ്രാക്ടീസ് ചെയ്യുന്നതിന് പ്രതിവർഷം 12000/- രൂപ വീതം 3 വർഷത്തേക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതി.

## 7. വിശ്വകർമ്മജർക്കുള്ള പെൻഷൻ

- പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന 60 വയസ്സ് തികഞ്ഞ പരമ്പരാഗത വിശ്വകർമ്മ തൊഴിലിൽ ഏർപ്പെട്ടിരുന്നവർക്ക് പ്രതിമാസം പെൻഷൻ അനുവദിക്കുന്ന പദ്ധതി.

- നിലവിൽ 2000/- രൂപ പെൻഷൻ നൽകി വരുന്നു.

8. ഇലക്ട്രിക്/സി.എൻ.ജി ഓട്ടോ ടാക്സികൾ വാങ്ങുന്നതിനുള്ള സഹായം

- ന്യൂ ജനറേഷൻ ഇലക്ട്രിക്/സിഎൻജി വാഹനങ്ങൾ വാങ്ങാൻ നൽകുന്ന വാഹന വായ്പകൾക്ക് 20 ശതമാനമോ അല്ലെങ്കിൽ പരമാവധി 1 ലക്ഷം രൂപ വരെയോ ഒ.ബി.സി വിഭാഗങ്ങൾക്ക് സബ്സിഡി നൽകുന്നു.
- കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ഗ്രൂപാർശിത വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണനക്ഷേമ വികസന കോർപ്പറേഷൻ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ മുഖേന അപേക്ഷ ക്ഷണിച്ച് വായ്പ അനുവദിക്കുന്നു.
- കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപ.

9. പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഭിന്ന ശേഷിക്കാർക്ക് മുച്ചക്ര സ്കൂട്ടർ വിതരണം. ഭിന്ന ശേഷി വിഭാഗ വികസന കോർപറേഷനുമായി സഹകരിച്ചു നടപ്പാക്കുന്നു. 100 ശതമാനവും തുക ഗ്രാന്റ് ആയി നൽകുന്നു.

10. പരമ്പരാഗത തൊഴിലധിഷ്ഠിത സമുദായങ്ങളുടെ ഉൽപ്പന്നങ്ങൾക്കായുള്ള വിപണന കേന്ദ്രങ്ങൾ

- സംസ്ഥാനത്തെ വിവിധ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സമുദായങ്ങൾ അഭിമുഖീകരിക്കുന്ന വിപണന പ്രശ്നങ്ങൾ പരിഹരിച്ച് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുന്നതിനുള്ള പദ്ധതി.

11. ഒ.ബി.സി വിഭാഗത്തിൽപ്പെട്ട വിധവകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി

സംസ്ഥാനത്തെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിന് വായ്പാ സബ്സിഡി അനുവദിക്കുന്നു.

- വായ്പകൾക്ക് 20 ശതമാനമോ അല്ലെങ്കിൽ പരമാവധി 1 ലക്ഷം രൂപ വരെയോ സബ്സിഡി നൽകുന്നു.
- വരുമാന പരിധി 2. 5ലക്ഷം രൂപ.

12. മൊബൈൽ സ്ട്രീറ്റ് വെന്റിംഗ് കാർട്ട്

- സംസ്ഥാനത്തെ ഒ.ബി.സി വിഭാഗത്തിൽ ഉൾപ്പെട്ട വഴിയോര കച്ചവടക്കാർക്ക് പുതിയ മോഡലിലുള്ള വെന്റിംഗ് കാർട്ടുകൾ നൽകുന്നതിനായി നടപ്പാക്കുന്ന പദ്ധതി.
- വരുമാന പരിധി 2. 5ലക്ഷം രൂപ.

## 13. എഞ്ചിനീയറിംഗ് പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ട്-അപ്പ് സംരംഭങ്ങൾ

- എഞ്ചിനീയറിംഗ് മേഖലയിൽ കഴിവുതെളിയിക്കുവാൻ ആഗ്രഹിക്കുന്ന പ്രൊഫഷണൽസിന് joint venture രീതിയിൽ സ്റ്റാർട്ട് അപ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി. Kerala Start up mission മായി ചേർന്ന് നടപ്പിലാക്കുന്ന പദ്ധതി. പരമാവധി 10 ലക്ഷം വരെ ഗ്രാന്റ്

## 14. ഒ.ബി.സി പ്രൊഫഷണൽസിനുള്ള സ്വയം തൊഴിൽ വായ്പ

- പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനായി ഒ.ബി.സി വിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട്-അപ് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു.
- വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡി ആയി നൽകുന്നു.

## 15. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്കുള്ള സ്വയം തൊഴിൽ വായ്പ

- പിന്നാക്ക വിഭാഗ വികസന വകുപ്പും, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനും സംയുക്തമായി നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പരമാവധി 1 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു.